# മോൺ. മാത്യു തെക്കനാട്ട്

( Rev. Dr. Kuriakose Mialil M. A., Ph. D. L. D. )

അഭിവന്ദ്യ തറയിൽ തിരുമേനിയുടെ മെത്രാഭിഷേക രജതജൂബിലി സ്മാരകമായി പ്രസിദ്ധീകരിക്കുന്ന സുവനിയറിൽ അദ്ദേഹത്തിന്റെ സെമിനാരി ജീവിത കാലത്തും, പ്രേഷിതരംഗത്തും സഹപ്രവർത്തകനും, സുഹൃത്തും, പലകാര്യങ്ങളിലും മാർഗ്ഗദർശിയുമായിരുന്ന മോൺ. തെക്കനാട്ട അവർകളേയും സ്മരിക്കുന്നതു് സമുചിതമാണല്ലോ.

എത്ര സങ്കീർണ്ണമായ പ്രശ്നത്തിനും സ്വീകാര്യമായ പ്രതിവിധി കണ്ടുപിടിക്കുവാൻ അതിവിദഗ്ദ്ധനെന്നു് അംഗീകരിക്കപ്പെട്ടിട്ടുള്ള മോൺ. തെക്കനാട്ട 1897 ജൂലൈ മാസം 23-നു് പുന്നത്തുറ ഇടവകയിൽ ജനിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസാനന്തരം കോട്ടയം മെത്രാസനാരമനയോടനുബന്ധിച്ചു് ഉണ്ടായിരുന്നതും, കാലംചെയ്ത ചൂളപ്പറമ്പിൽ അലക്സാണ്ടർ തിരുമേനി പഠിപ്പിച്ചിരുന്നതുമായ പെററിസെമിനാരിയിലും 1914 മുതൽ 1919 വരെ മംഗലാപുരം സെൻറു് ജോസഫ്സ് സെമിനാരിയിലും വിദ്യാഭ്യാസം നിർവ്വഹിച്ചതിനുശേഷം റോമായിലെ പ്രൊപ്പഗാന്താ കോളേജിൽ നാലുകൊല്ലം പഠിച്ചു് അദ്ദേഹം പി. എച്ച്. ഡി., ഡി. ഡി., എന്നീ ബിരുദങ്ങൾ നേടുകയുണ്ടായി. അനന്തരം 1923 മാർച്ചു് 31-നു് വൈദിക പട്ടം സ്വീകരിക്കുകയും യൂറോപ്പിലെ പല പുണ്യസ്ഥലങ്ങളും സന്ദർശിച്ചതിനുശേഷം നാട്ടിൽ മടങ്ങിയെത്തുകയും ചെയ്തു. പിന്നീടു കുറേമാസങ്ങൾ അദ്ദേഹം സ്വന്തം ഇടവകയായ പുന്നത്തുറ ജോലി ചെയ്തു. അതിനുശേഷം 1924-ൽ തിരുഹൃദയക്കുന്നിൽ തുടങ്ങിയ മേജർ സെമിനാരിയുടെ റെക്ടരും അവിടുത്തെ സ്കൂളിന്റെ മാനേജരുമായി അദ്ദേഹം നിയമിതനായി. അവിടുത്തെ സ്കൂൾ, ബോർഡിങ്ങ് ഹൗസ്, തുടങ്ങിയ സ്ഥാപനങ്ങൾ ഇന്നു കാണുന്ന വിധത്തിൽ കെട്ടിപ്പടുത്തുയർത്തിയതു് അദ്ദേഹമാണ്. ചൂളപ്പറമ്പിൽ തിരുമേനിയോടൊന്നിച്ചു 1932-ൽ ഡബ്ളിനിൽ നടത്തിയ ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനും റോമാ, ലൂർദു്, തുടങ്ങിയ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിനും അദ്ദേഹത്തിനു് സാധിച്ചിട്ടുണ്ട്.

പ്രസ്തുത തീർത്ഥയാത്രയെ തുടർന്നു ചേപ്പൽ ചേമ്പർലൈനായി ഉയർത്തപ്പെട്ട അദ്ദേഹം സെമിനാരി റെക്ടറായിത്തുടരുകയും രൂപതയിലെ ആലോചനക്കാരൻ, കത്തോലിക്കാ പ്രവർത്തനം, സാമൂഹ്യപ്രവർത്തനം, മിഷ്യൻ പ്രവർത്തനം എന്നിവയുടെ ഡയറക്ടർ, ചില ഹൈസ്കൂളുകളുടെ മാനേജർ, രൂപതയിലെ കോർപ്പറേററു് മാനേജുമെൻറിന്റെ സെക്രട്ടറി എന്നീനിലകളിൽ ചൂളപ്പറമ്പിൽ തിരുമേനിയുടെ വലംകൈയായി പ്രവർത്തിക്കുകയും ചെയ്തിരുന്നു.

1937-ൽ പാലസ്തീനായിലേക്കു് ഒരു തീർത്ഥയാത്ര നടത്തി മടങ്ങിവന്ന അദ്ദേഹം പുന്നത്തുറപ്പള്ളിയുടെ വികാരിയായി നിയമിതനായി. പള്ളിവക വസ്തുക്കൾ മുഴുവൻതന്നെ പണയപ്പെടുത്തിയിരുന്ന ഒരു ഇടവകയുടെ സാരഥ്യമാണു് അദ്ദേഹത്തിനു ലഭിച്ചതു്. പ്രതികൂല സാഹചര്യങ്ങളുമായി ഏററുമുട്ടുമ്പോഴാണല്ലോ മഹത്തുക്കളുടെ യഥാർത്ഥകഴിവുകൾ പ്രസ്പഷ്ടമാകുന്നതു്. ദീർഘദൃഷ്ടിയോടുകൂടി കുടുംബചിട്ടികൾ നടത്തിയും ഇടവകാംഗങ്ങളുടെ സഹകരണം പരമാവധി സമ്പാദിച്ചും കടങ്ങളെല്ലാംവീട്ടി പള്ളിവക വസ്തുക്കൾ മുഴുവൻ തിരിച്ചെടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതോടൊപ്പംതന്നെ ശരിയായ നേതൃത്വം നൽകി ഇടവകയിലെ ആദ്ധ്യാത്മിക നിലവാരം ഉയർത്തുകയും ചെയ്തു. അദ്ദേഹം വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന കാലഘട്ടങ്ങളിൽ ഉഴവൂർ, ചുങ്കം, ഇടക്കാട്ട എന്നീ ഇടവകകളിലും നാനാമുഖമായ പുരോഗമനമുണ്ടായിട്ടുണ്ട്. ഈ യാഥാർത്ഥ്യം അവിടത്തെ ആളുകൾ ഇന്നും കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ടാണിരിക്കുന്നതു്.

സാമ്പത്തിക തകർച്ചയാലും മലമ്പനിയുടെ ഉഗ്രതാണ്ഡവത്താലും നിരാശാഗർത്തത്തിലാണ്ടിരുന്ന രാജപുരം കോളനിക്കാർക്കു് ധൈര്യവും ശുഭാപ്തിവിശ്വാസവും പകർന്നുകൊടുത്തു് അവരെ ഉദ്ധരിക്കുവാൻ യഥാകാലം അയയ്ക്കപ്പെട്ട കാവൽ മാലാഖാ ആയിട്ടാണു് അവിടത്തെ വികാരിയായിച്ചെന്ന അദ്ദേഹം ഇടവകക്കാർക്കു് അനുഭവപ്പെട്ടതു്. ഒരുത്തമ ധനതത്വശാസ്ത്രജ്ഞന്റെ കുശാഗ്രബുദ്ധിയോടും വിദഗ്ദ്ധനായ വണിക് ശ്രേഷ്ഠന്റെ കാര്യക്ഷമതയോടുംകൂടി സഹകരണാടിസ്ഥാനത്തിൽ കോളനിക്കാരുടെ കപ്പ ശേഖരിച്ചു് ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നു് അദ്ദേഹം അവരെ മോചിപ്പിച്ചു. മംഗലാപുരം, ബോംബെ മുതലായ വിദൂര നഗരങ്ങളിലെ മൊത്ത വ്യാപാരികൾക്കു് അതു് വിററു് പരമാവധിവില വാങ്ങിച്ചുകൊടുത്തു് സ്വന്തം കാലിൽ നില്ക്കുവാൻ അവരെ പ്രാപ്തരാക്കി. അവരുടെ സാമ്പത്തിക പുരോഗമനത്തിനു മാത്രമല്ല ആദ്ധ്യാത്മികാഭിവൃദ്ധിക്കുവേണ്ടിയും അദ്ദേഹം പരിശ്രമിച്ചു. തൽഫലമായി അഞ്ചുകൊല്ലത്തെ സേവനത്തിനുശേഷം അദ്ദേഹം കോളണി വിട്ടപ്പോൾ അവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളും സാമ്പത്തികവും ആദ്ധ്യാത്മികവുമായ കാര്യങ്ങളിൽ വളരെ ഉയർന്നിരുന്നു.

സ്വന്തം ഇടവകയായ പുന്നത്രപള്ളിയിൽ വീണ്ടും വികാരിയായും സ്നേഹഭവൻ സ്ഥാപനത്തിന്റെ ചാപ്ലൈനായും സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കവേയാണ് 1967 മേയ് മാസം 24-നു് ആകസ്മികമായി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞതു്. മരണം അപ്രതീക്ഷിതമായിരുന്നെങ്കിലും, അധികാരികളുടെ തീരുമാനങ്ങളിൽ ദൈവത്തിന്റെ പ്ലാൻ ദർശിച്ചുകൊണ്ടു തന്നെ ഏല്പിച്ച ഓരോ ചുമതലയും അങ്ങേയററം വിജയപ്രദമാക്കിത്തീർക്കുവാൻ അക്ഷീണം യത്നിച്ചുകൊണ്ടിരുന്ന അദ്ദേഹത്തെപ്പററി പൗലോസ്ശ്ലീഹായുടെ വാക്കുകളിൽ "ഞാൻ നല്ലയുദ്ധം ചെയ്തു, എന്റെ ഓട്ടം പൂർത്തിയാക്കി" എന്നു പറയുവാൻ സാധിക്കും.

കാര്യശേഷിക്കും നിസ്വാർത്ഥമായ പൊതുജനസേവനത്തിനും ഒരുത്തമ മാതൃകയായിട്ടാണ് മോൺ. തെക്കനാട്ട് പരിഗണിക്കപ്പെടുന്നത്. സമചിത്തതയോടും, ആത്മവിശ്വാസത്തോടുംകൂടി ഏതു വിഷമപ്രശ്നത്തേയും കൈകാര്യം ചെയ്യുവാനുള്ള കഴിവും, മററുള്ളവരുടെ വീക്ഷണകോണത്തിൽനിന്ന് കാര്യങ്ങൾ ഗ്രഹിക്കുന്നതിന് ആവശ്യമായ പ്രതിപക്ഷ ബഹുമാനവുമായിരുന്ന അദ്ദേഹത്തിന്റെ ജീവിത വിജയത്തിന്റെ മുഖ്യകാരണങ്ങൾ. ഏല്പിക്കപ്പെട്ട ഏതുജോലിയും നന്നായി ചെയ്യുവാൻവേണ്ടി അക്ഷീണം യത്നിക്കുക എന്നശീലം പ്രായമായിട്ടും, അദ്ദേഹത്തെ ഒരിക്കലും വിട്ടുമാറിയിരുന്നില്ല. പ്രായവും ആരോഗ്യസ്ഥിതിയും കണക്കിലെടുത്ത് ജീവിതക്രമത്തിൽ വേണ്ട വ്യതിയാനമുണ്ടാക്കേണ്ടതിന്റെ ആവശ്യകത അനുസ്മരിപ്പിച്ചിട്ടുള്ളവരോട് അദ്ദേഹം പ്രതിവചിക്കാറുണ്ടായിരുന്നത് „പെട്രോൾ തീരുമ്പോൾ വണ്ടി നിന്നുകൊള്ളട്ടെ'' എന്നാണ്. ജീവിതത്തിലെ പരുപരുത്ത പല യാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടേണ്ടി വന്നിട്ടുള്ള അദ്ദേഹത്തിന് അവയെല്ലാം ഒരു വീര സേനാനിയുടെ ശൗര്യത്തോടും ഉന്മേഷത്തോടുംകൂടി വിജയകരമായി തരണം ചെയ്യുവാൻ സാധിച്ചത് മേല്പറഞ്ഞവാക്യം വെളിവാക്കുന്ന ശുഭാപ്തി വിശ്വാസം ഒന്നുകൊണ്ടു മാത്രമായിരുന്നു. അധികാരികളോടുള്ള വിധേയത്വവും രൂപതയ്ക്കുവേണ്ടി ചെയ്ത നിസ്വാർത്ഥസേവനവും മോൺ. തെക്കനാട്ടിൽ വിളങ്ങിയിരുന്ന പ്രത്യേക ഗുണങ്ങളാണെന്ന് അദ്ദേഹത്തെപ്പററി പറഞ്ഞ ചരമ പ്രസംഗത്തിൽ അഭിവന്ദ്യ തറയിൽ തിരുമേനി ചൂണ്ടികാണിക്കുകയുണ്ടായി.

അമേരിക്കൻ പ്രസിഡണ്ടുമാർ ലോകത്തിന്റെ നാനാഭാഗങ്ങളിൽ പൊന്തിവരുന്ന വിവിധ പ്രശ്നങ്ങളെ വിജയകരമായി കൈകാര്യം ചെയ്യുവാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ „അപകട സംഹാരി'' (trouble shooter) ആയി നിയോഗിക്കാറുണ്ട്. അതുപോലെ കാലം ചെയ്ത ചൂളപറമ്പിൽ തിരുമേനിയും തറയിൽ തിരുമേനിയും ഉപയോഗിച്ചിരുന്ന ഒരു „ട്രബിൾ ഷൂട്ടർ'' ആയിരുന്നു മോൺ. തെക്കനാട്ട്. എത്രമാത്രം കുഴഞ്ഞുമറിഞ്ഞു പ്രതിവിധി കണ്ടുപിടിക്കുവാൻ നിർവാഹമില്ലാത്ത കാര്യമായിരുന്നാലും, അതിനെ സമർത്ഥമായി വിശകലനംചെയ്ത്, മൂലകാരണം കണ്ടുപിടിച്ചു, തീരുമാനം എടുക്കുവാൻ അദ്ദേഹത്തിന് ഉണ്ടായിരുന്ന പാടവം അന്യാദൃശമായിരുന്നു.

കാൾറോജേഴ്സ് (Karl Rogers) എന്ന മനഃശാസ്ത്രപണ്ഡിതൻ പ്രയോഗത്തിൽ വരുത്തിയ „നോൺഡിറക്റ്റീവ് കൗൺസലിങ്ങ്'' (non-directive counselling) എന്ന സമ്പ്രദായം അതിനെപ്പററി ശാസ്ത്രീയമായി പഠിക്കാതെതന്നെ, ജന്മസിദ്ധമായ കഴിവു ഉപയോഗിച്ചു, പ്രയോഗത്തിൽ വരുത്തിയ ഒരാളാണ് നമ്മുടെ കഥാ പുരുഷൻ. വികാങ്ങളുടെ വേലിയേററം നിമിത്തം മാനസികമായി എത്രതളർന്ന ഒരാളിനുപോലും ശരിയായ അന്തരീക്ഷം ഉണ്ടാക്കികൊടുത്താൽ പ്രശ്നങ്ങൾ പരിഹരിച്ചു സ്വയം നിയന്ത്രിക്കുവാനുള്ള കഴിവു ലഭിക്കുമെന്നതാണ് ഇത്തരം കൗൺസിലിംഗിന്റെ കാതലായ ആശയം. വിഷമതകളുമായി മോൺസിഞ്ഞോറിനെ സമീപിച്ചവർ എത്രനിരക്ഷരകുക്ഷികളോ, ദുർവൃത്തരോ ആയിരുന്നാലും, അവരുടെ


Hearty Felicitations to the venerable Jubilarian

H. E. Rt. Rev. Dr. Thomas Tharayil

**NAVA RATNA MAHAL**

R. Krishna Bahadur Reddiar,
R. C. No. N. 25, C. S. T. No. N. 13,
Dt. 18 - 8 - 64.
P. B. No. 8. Phone : 3717.
KOTTAYAM.

# മോൺ. സ്റ്റീഫൻ ഊരാളിൽ

( M. M. Joseph B. A., B. T. )

അഭിവന്ദ്യ കോട്ടയം മെത്രാൻ, ഡോ. തോമസ് തറയിൽ തിരുമനസ്സിലെ മെത്രാഭിഷേക രജതജൂബിലി സ്മാരകമായി പുറത്തിറക്കുന്ന സുവനിയറിൽ, അഭിവന്ദ്യ തിരുമേനിയുടെ ആത്മസുഹൃത്തും, ഭരണമണ്ഡലത്തിൽ കലവറയില്ലാത്ത സേവനപരമ്പരകൾ തിരുമനസ്സിലേയ്ക്കു കാഴ്ചവയ്ക്കുകയും ചെയ്തിട്ടുള്ള പൂജ്യസ്മരണാർഹനായ, മോൺ. സ്റ്റീഫൻ ഊരാളിൽ അവർകളെപ്പററി ഒരു അനുസ്മരണം അസ്ഥാനത്താകുകയില്ലെന്നു വിശ്വസിക്കുന്നു.

1901 മാർച്ചുമാസം 23–ാംനു മോനിപ്പള്ളിയിലെ പ്രശസ്തമായ ഊരാളിൽ കുടുംബത്തിൽ ജനിച്ചു വളന്ന സ്റ്റീഫൻ, പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കിടങ്ങൂർ സെൻറ് മേരീസ് സ്കൂളിൽ മിഡിൽസ്കൂൾ പഠനവും കഴിഞ്ഞ്, അക്കാലത്തെ ഉന്നതവിദ്യാഭ്യാസമായ സ്കൂൾ ഫൈനൽ പരീക്ഷകൂടി ജയിക്കണമെന്നു അതിയായി ആഗ്രഹിച്ചെങ്കിലും സാധാരണ സാമ്പത്തിക നിലവാരത്തെ കാര്യമായി അതിക്രമിച്ചിട്ടില്ലായിരുന്ന തൻെറ പിതാവു ചമ്മാർ അതിനു കൂട്ടാക്കിയില്ല. എന്നാൽ തൻെറ ഭാര്യ അന്നയുടെ നിരന്തരമായ മാദ്ധ്യസ്ഥ്യവും നാട്ടുകാരുടെ സമ്മർദ്ദവും മൂലം വൈമനസ്യത്തോടെയെങ്കിലും ഒടുവിൽ ആ പിതാവ് അതിനു സമ്മതിച്ചു. അങ്ങനെ സ്റ്റീഫൻ മാന്നാനം ഹൈസ്കൂളിൽ നിന്നും പ്രശസ്തമായി സിക്സ്ത്ഫോറവും പാസ്സായി.

സ്വയ്മപുരുഷൻ ആഗ്രഹിച്ചിരുന്നതുപോലെ തന്നെ വൈദികപഠനത്തിനായി, ആദ്യം കോട്ടയം പെററിസെമ്മിനാരിയിലും തുടർന്നു കാണ്ടി പേപ്പൽ സെമ്മിനാരിയിലും ചേന്നു പഠിച്ചു. 1929–ൽ അവിടെത്തന്നെ തൻെറ പ്രഥമ ദിവ്യബലിയും അർപ്പിച്ചു. തുടർന്നു പ്രശസ്തമാംവിധം Ph. D. D. D. യും കരസ്ഥമാക്കി നാട്ടിൽ തിരിച്ചെത്തിയ ബ. സ്റ്റീഫനച്ചനു നാട്ടുകാരുടെയും ഇടവകക്കാരുടെയും വകയായി സമുചിതമായ ഒരു സ്വീകരണവും നൽകി.

താമസംവിനാ ബ. സ്റ്റീഫനച്ചൻെറ അനാർഭാടവും സംഭവബഹുലവുമായ ഔദ്യോഗിക ജീവിതമാരംഭിച്ചു. തിരുഹൃദയക്കുന്നുമായി ബന്ധപ്പെട്ട ചില താൽക്കാലിക ജോലികൾക്കു ശേഷം 1931 മുതൽ 1960 വരെയുള്ള നീണ്ട മുപ്പതു സംവത്സരക്കാലം ചിങ്ങവനം, കിടങ്ങൂർ, കോട്ടയം, കടുത്തുരുത്തി എന്നീ ഹൈസ്കൂളുകളിൽ പ്രഥമാധ്യാപകനായി സേവനമനുഷ്ഠിച്ചതുമെന്യേ, കോട്ടയം മിസത്തിൻെറ വികാരി ജനറൽ, അഡ്മിനിസ്ട്രേറർ എന്നീനിലകളിലും അദ്ദേഹം വിരാജിച്ചു. തൻെറ നിസ്തുല സേവനങ്ങളുടെ അംഗീകാരമായി 1953–ൽ പ. സിംഹാസനത്തിൽനിന്നും "പേപ്പൽ ചേംബർലെയിൻ" എന്ന ബഹുമതിയും അദ്ദേഹത്തിനു നൽകി.

1960–ൽ കടുത്തുരുത്തി ഹൈസ്കൂളിൽനിന്നും വിരമിച്ചശേഷം ആദ്യമായി "നീണ്ട" മൂന്നാഴ്ചയോളം സ്വന്ത ഇടവകയായ മോനിപ്പള്ളിയിൽ വിശ്രമിക്കയും തുടർന്നു പൂർണ്ണവിശ്രമത്തിനായി — "ചോരനപഹരിക്കാത്ത ശാശ്വതശാന്തിധന"ത്തിനു വേണ്ടി 1960 നവംബർ 15–ാംനു യാത്രയാരംഭിക്കയും ചെയ്തു. 23–ാംനു കാസിപ്പെട്ടിൽ സെൻറ് ഗബ്രിയേൽ സന്യാസസമൂഹാശ്രമത്തിൽ എത്തി. 27–ാംനു വൈകിട്ട നിത്യ വിശ്രമംകൊണ്ട ആ കർമ്മനിരതൻെറ–മോൺ. സ്റ്റീഫൻ ഊരാളിൽ അവർകളുടെ–നിശ്ശബ്ദമെങ്കിലും നിസ്തുലവും നിസ്തന്ദ്രവുമായ സേവനപരമ്പരകളിൽക്കൂടി ആദർശനിഷ്ഠയാൽ ആനീതമായ ജീവിതപീഠികയിലേക്കു ഒന്നു തിരിഞ്ഞുനോക്കിക്കൊള്ളട്ടെ.

പെ. ബ. മോൺസിഞ്ഞോർ തിരുഹൃദയക്കുന്നു ഹൈസ്കൂൾ ബോർഡിംഗ് റെക്ടറായിരുന്ന കാലത്തെ ഒരു സംഭവം മററു പലതിനോടുമൊപ്പം ഞാൻ അനുസ്മരിച്ചുപോകുകയാണ്. അന്നു ഞാൻ ബോർഡിംഗിൽ താമസിച്ചു പഠിക്കുകയാണ്. ഞങ്ങൾ ഏതാനും ബീഡി വലികാരെപ്പററി അന്നത്തെ പ്രീഫെക്ററ് ബ. റെക്ടരച്ചൻെറ പക്കൽ ഒരു കേസ് ഫയൽചെയ്തു. ഒന്നാം പ്രതി ഒരു മി. ജോണിനെ തിരക്കിയപ്പോൾ അയാൾ സ്ഥലത്തില്ലാതിരുന്നതിനാൽ ബ. അച്ചൻെറ കൈവശമുണ്ടായിരുന്ന താക്കോൽക്കൂട്ടംകൊണ്ട് ജോണിൻെറ അസാന്നിദ്ധ്യത്തിൽ തന്നെ അയാളുടെ പെട്ടി തുറന്നു, ഒരു കെട്ട ബീഡി തൊണ്ടിയായി എടുത്തു. ഉച്ചകഴിഞ്ഞുള്ള പഠന സമയത്തു ഞങ്ങൾ നാലു പേരേയും ഹാളിൻെറ മധ്യഭാഗത്തേക്കാനയിച്ചു. ആദ്യമായി ജോണിനെ വിളിച്ചു. ജോൺ ഒരു പത്രിക സമർപ്പിച്ചു. "അച്ചൻ എൻെറ പെട്ടി തുറന്നതായി കേട്ടു. അതിൽ വച്ചിരുന്ന ഇരുപത്തിയഞ്ചു രൂപാ ഇപ്പോൾ കാണ്മാനില്ല" എന്ന്. പ്രതികരണമോ? സുന്ദരൻ നാലെണ്ണം—ചൂരൽപ്രയോഗം. ഗൽഗദത്തോടെ ജോൺ പത്രിക പിൻവലിച്ചു കുററം സമ്മതിച്ചു. അടുത്തതായി രണ്ടം പ്രതി എന്നെ വിളിച്ചു. "നിനക്കു പരാതി വല്ലതുമുണ്ടോ'? എന്ന് കിനുകിന ശബ്ദം

---

വ്യക്തിത്വത്തെ (personality) ബഹുമാനിച്ചുകൊണ്ടു അവർക്കു പറയുവാനുള്ളതെല്ലാം ക്ഷമാപൂർവ്വം കേട്ട്, അവരെക്കൊണ്ടുതന്നെ തെററുകൾ കണ്ടുപിടിപ്പിക്കുകയും പ്രതിവിധി ചെയ്യിക്കുകയുമാണു പ്രശ്നപരിഹാരത്തിനു അദ്ദേഹം ഉപയോഗിച്ചിരുന്ന മാർഗ്ഗം.

അഭിവന്ദ്യ പിതാവിൻെറ ജൂബിലി ആഘോഷിക്കുന്ന ഇത്തരുണത്തിൽ രൂപതയ്ക്കും അദ്ദേഹത്തിനും പ്രശസ്തമായി സേവനമനുഷ്ഠിച്ചവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും, ജൂബിലേറിയനു എന്നതുപോലെ അവർക്കുംവേണ്ടി പ്രാർത്ഥിക്കുകയും, അവരെ വിജയ പഥത്തിൽ എത്തിച്ച ഗുണഗണങ്ങൾ അനുകരിക്കുകയുമാണു നമുക്കു കരണീയമായിട്ടുള്ളതു.